# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 808 :** **24/07/2012- ൽ മറുപടിക്ക്**

**വ്യവസായ സ്ഥാപനങ്ങളിലെ ഇടപാടുകളിൽ സുതാര്യത**

**ചോദ്യം** **ഉത്തരം**

**ശ്രീ. ജോസഫ് വാഴക്കൻ:**
**" ബെന്നി ബെഹനാൻ:**
**" സണ്ണി ജോസഫ് :**
**" വി. റ്റി. ബൽറാം :**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വ്യവസായ സ്ഥാപനങ്ങളിലെ മുഴുവൻ ഇടപാടുകളിലും സുതാര്യത ഉറപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കയർ ഡയറക്ടറേറ്റ്, മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റ് എന്നിവയേയും വിവിധ പ്രൊമോഷണൽ ഏജൻസികളെയും ബന്ധിപ്പിച്ച് ഒരു ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസിപ്പിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) നടപ്പിലാക്കി വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് വേണ്ടി ഇ-ഗവേർണൻസ് സംവിധാനത്തിന്റെ ഭാഗമായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞു. |
| ബി) | പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, |

| | | | |
|---|---|---|---|
| | | | ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനം വഴി ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കുന്നത് വഴി സ്ഥാപനങ്ങൾ നടത്തുന്ന ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും, ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്തമുള്ളവരാക്കുന്നതിനും സാധിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി ഏതെങ്കിലും സ്ഥാപനത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന മലബാർ സിമന്റ്സ് ലിമിറ്റഡിൽ ജൂലൈ ആദ്യം തന്നെ ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. |
| (ഡി) | എല്ലാ വ്യവസായ സ്ഥാപനങ്ങളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ? | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 25 ലക്ഷത്തിനു മുകളിലുള്ള എല്ലാ കരാറുകൾക്കും ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ (എൻ ഐ സി)-ന്റെ ഇ-പ്രൊക്യൂർമെന്റ് പോർട്ടൽ ഉപയോഗിച്ചാണ് ഈ സംവിധാനം നടപ്പിലാക്കുക. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലന പരിപാടികൾ എൻ ഐ സി-യുടെയും റിയാബിന്റെയും സംയുക്ത നേതൃത്വത്തിൽ നടന്നു കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**